"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിനോദസഞ്ചാര വകുപ്പ് - വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് 2024-25- "RESPONSIBLE TOURISM MISSION PROJECTS 2024-25-TRAINING" –ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വിനോദസഞ്ചാര (സി) വകുപ്പ്

സ.ഉ.(സാധാ) നം.327/2024/TSM തീയതി,തിരുവനന്തപുരം, 07-07-2024

---

പരാമർശം:-
1. 30-05-2019-ലെ സ.ഉ (കൈ) നം.03/2019/ടൂറിസം.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 04-06-2024-ലെ DOT/1516/2O24-P7 നമ്പർ കത്ത്.
3. 27-06-2024-ലെ വിനോദസഞ്ചാര വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പുകൾ.

<u>ഉത്തരവ്</u>

ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളുടെ ശ്രദ്ധേയമായ നേട്ടം കൈവരിച്ച സ്ഥലമാണ് കോട്ടയം ജില്ലയിലെ കുമരകം ഭാഗം ഉത്തരവാദിത്ത ടൂറിസം മിഷന്റെ പരിശീലന കേന്ദ്രമാക്കി മാറ്റുവാൻ ഉദ്ദേശിച്ചുകൊണ്ട് RESPONSIBLE TOURISM MISSION PROJECTS 2024-25-TRAINING എന്ന പദ്ധതിയ്ക്ക് ₹1,00,00,000/- (ഒരു കോടി രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച്, പദ്ധതി പ്രൊപ്പോസൽ പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

(2). പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:-

| നമ്പർ | പ്രവർത്തനങ്ങൾ | പ്രതീക്ഷിക്കുന്ന ചെലവ് (രൂപ ) |
|---|---|---|
| 1. | കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി പരിശീലന കേന്ദ്രം | 4,50,000/- |
| 2. | ഡിജിറ്റൽ മാർക്കറ്റിങ്ങും നിർമ്മിത ബുദ്ധിയും | 12,00,000/- |

| | | |
|---|---|---|
| | ടൂറിസം മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള പരിശീലനം | |
| 3. | കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ ജനപ്രതിനിധികൾക്ക് 2 ദിവസത്തെ പരിശീലനം | 3,75,000/- |
| 4. | ജനപ്രതിനിധികൾക്ക് വിവിധ ഉത്തരവാദിത്ത ടൂറിസം പദ്ധതികളെക്കുറിച്ചുള്ള പരിശീലനം | 3,75,000/- |
| 5. | വിവിധ പ്രാദേശിക പരിശിലനങ്ങൾ , സംസ്ഥാനതല പരിശീലനങ്ങൾ ആവശ്യാനുസരണം നടത്തുന്നതിന് ആകെ മാറ്റി വയ്ക്കുന്ന തുക | 5,00,000/- |
| 6. | കമ്മ്യൂണിറ്റി ടൂർ ലീഡർ, ഹോം സ്റ്റേ, ഫാം/ അഗ്രി ടൂറിസം, സർവ്വീസ്ഡ് വില്ല, ഗൃഹസ്ഥലി , എത്തിക് ക്യൂസീൻ, മറ്റ് അക്കോമഡേഷൻ യൂണിറ്റുകൾ എന്നിവയ്ക്കുള്ള പരിശീലനങ്ങൾ | 50,00,000/- |
| 7. | ട്രെയിനിംഗ് മൊഡ്യൂൾ തയ്യാറാക്കലും, പ്രിന്റിംഗും | 5,50,000/- |
| 8. | ടൂറിസ്റ്റ് ഡ്രൈവർമാർക്ക് ആതിഥ്യ മര്യാദയിൽ ബോധവൽക്കരണ പരിശീലനപരിപാടിയും ഐഡി കാർഡ് വിതരണവും | 15,50,000/- |
| | ആകെ തുക | 100,00,000/- |
| | ഒരു കോടി രൂപ മാത്രം | |

**(3).** 27-06-2024 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം പരിഗണിക്കുകയും, പദ്ധതി പ്രൊപ്പോസൽ ചില നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കുകയും ചെയ്തു.

**(4).** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "RESPONSIBLE TOURISM MISSION PROJECTS 2024-25-TRAINING" എന്ന പദ്ധതിയ്ക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി നടപ്പ് സാമ്പത്തിക വർഷം **3452-80-104-89-Responsible Tourism (Plan)**" എന്ന ശീർഷകത്തിൽ നിന്നും **₹1,00,00,000/-** (ഒരു കോടി രൂപ മാത്രം), രൂപ ചെലവഴിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(i) Individual components of the proposal should be approved by KRTM Executive Committee.

(ii) Detailed proposal for Administrative Sanction for each training should be placed before the Executive Committee of Responsible Tourism Mission Society and training may be conducted after getting approval from the KRTM Executive Committee.

(5). പ്രസ്തുത പദ്ധതി കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും, പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ എല്ലാ നിബന്ധനകളും നിർബന്ധമായും പാലിയ്ക്കേണ്ടതും, പദ്ധതിച്ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതും, പദ്ധതി നടപ്പിലാക്കിയതിന് ശേഷമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി, പാർക്ക് വ്യൂ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്
പി.ഐ.ഇ.&എം. വകുപ്പ്
വിനോദസഞ്ചാര (എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/174/2024-ടൂർ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by Archana T
Date: 07-07-2024 16:55:43

പകർപ്പ് :

വിനോദസഞ്ചാര വകപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകപ്പ് സെക്രട്ടറിയുടെ പി.എ.

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.